(ബി) ഈ സംവിധാനങ്ങൾ ഉപയോഗിച്ച് നടത്തുന്ന സംഭരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(സി) എത്ര ടൺ കൊപ്ര/പച്ചത്തേങ്ങ ആണ് ഇക്കാലയളവിൽ സംഭരിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) നാളികേര വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനും നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ 1-1-2013 മുതൽ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലേയും തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ട് ദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകി വരുന്നത്. പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. 1-1-2013 മുതൽ ആരംഭിച്ച് ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 371 കൃഷിഭവനുകളിൽ നിന്നും 83160 ടൺ പച്ചനാളികേരം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

റബ്ബർ സംഭരണം

184 (1559) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി എത്ര മെട്രിക് ടൺ റബ്ബർ പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ട്; കഴിഞ്ഞ പത്തു വർഷത്തെ സംസ്ഥാനത്തെ റബ്ബർ ഉല്പാദനം എത്ര മെട്രിക് ടൺ വീതമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ സർക്കാർ 2011-12 മുതൽ പിന്നിട്ട ഓരോ വർഷവും എത്ര മെട്രിക് ടൺ റബ്ബർ, താങ്ങുവില നല്കി സംഭരിക്കുകയുണ്ടായി; ഓരോ വർഷവും ഖജനാവിൽ നിന്ന് ഇതിനായി പിൻവലിച്ച തുക എത്രവീതം;

LIBRARY ARCHIVES Kerala Legislative Assembly

(സി) റബ്ബറിന്റെ വിലത്തകർച്ച ഇപ്പോൾ ഏത് നിലവാരത്തിലെത്തി നിൽക്കുന്നു; വിശദമാക്കാമോ;

(ഡി) നടപ്പുവർഷം എത്ര മെട്രിക് ടൺ റബ്ബർ വാങ്ങാനും എത്ര തുക അതിനായി ചെലവഴിക്കാനും തീരുമാനിച്ചിരുന്നു; ചെലവഴിച്ച തുക എത്ര; സംഭരിച്ച റബ്ബർ എത്ര; റബ്ബർ സംഭരിച്ച ഇനത്തിൽ നല്കേണ്ടതായ ഹാന്റിലിംഗ് ചാർജ്ജ് നല്കിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ കഴിഞ്ഞ 10 വർഷത്തെ റബ്ബർ ഉൽപ്പാദനം സംബന്ധിച്ച സാമ്പത്തിക സ്ഥിതി വിരക്കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	ഉൽപ്പാദനം (ടൺ)
1	2005-06	739225
2	2006-07	780405
3	2007-08	753135
4	2008-09	783485
5	2009-10	745510
6	2010-11	770580
7	2011-12	798940
8	2012-13	800050
9	2013-14	648220
10	2014-15	507700

(ബി). സ്വാഭാവിക റബ്ബറിന് വില താഴ്ന്ന് നിന്ന സാഹചര്യത്തിൽ സ.ഉ. (എംഎസ്.) നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ടി പദ്ധതി പ്രകാരം 2014 ഡിസംബർ വരെ 1227.32 ടൺ റബ്ബറാണ് സംഭരണ ഏജൻസികളായ റബ്ബർമാർക്കും, മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുള്ളത്. ഇതിനായി 2013-14-ൽ 4 കോടി രൂപയും 2014-15-ൽ 12 കോടി രൂപയും ഉൾപ്പെടെ ആകെ 16 കോടി രൂപയാണ് പിൻവലിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ വില സ്ഥിരതാ പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സ.ഉ. (പി) നമ്പർ 269/2015/ഫിൻ. തീയതി 3-7-2015 പ്രകാരം ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ടി പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു.

(സി) റബ്ബർ ബോർഡിന്റെ 6-2-2016-ന് അവസാനിക്കുന്ന ആഴ്ചയിലെ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം ആർ.എസ്.എസ്. 4 ഇനത്തിലുള്ള റബ്ബറിന്റെ ആഭ്യന്തര വിപണി വില കിലോയ്ക്ക് 92.25 രൂപയാണ്.

(ഡി) നടപ്പ് വർഷം റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 300 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത 300 കോടി രൂപയിൽ 10-2-2016 വരെ 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ ഹാൻഡിലിംഗ് ചാർജ് നൽകുന്നതിനുള്ള ഉത്തരവ് ഇല്ല.

സ.ഉ.(എംഎസ്.)നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിച്ചതിനുള്ള ഹാൻഡിലിംഗ് ചാർജ് സംഭരണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

ജൈവകൃഷി വ്യാപനം

185 (1560) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ജൈവകൃഷി വ്യാപിപ്പിക്കാൻ സ്കൂൾ മുഖാന്തിരം വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ പദ്ധതിയുണ്ടോ; സ്കൂൾ മുഖാന്തിരം കൃഷിവകുപ്പ് പച്ചക്കറി വിത്തുകൾ വിതരണം നടത്തിയിട്ടുണ്ടോ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സംഘടനകളെ സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly